## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1644**.

**08-06-2018 ൽ മറുപടിയ്ക്ക്**

## നെൽകൃഷിയിടങ്ങൾ തരിശ്ശായി ഇടുന്നത് ഒഴിവാക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ.കെ.കുഞ്ഞിരാമൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷിയിടങ്ങൾ തരിശ്ശായി ഇടുന്നത് ഒഴിവാക്കുന്നതിന് പുതിയ സാമ്പത്തിക വർഷത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിനു 30000/- രൂപയും, രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയും ധനസഹായമായി നൽകുന്നതാണു. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ച് നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5800/- രൂപയും 1200/- രൂപയും; മൂന്നാം വർഷം 3750/- രൂപയും 750/- രൂപയും ആണ്. നടപ്പ് സാമ്പത്തിക വർഷം നാളുകളായി തരിശുകിടക്കുന്ന 2878 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയിറക്കുവാൻ ഉദ്ദേശിക്കുന്നു. യുവജനപങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിൽ കൃഷി നടത്തുന്നതിനും, നഗരപ്രദേശങ്ങളിൽ കർഷക ഗ്രൂപ്പുകൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ, സർക്കാർ/ സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സ്വന്തമായോ പാട്ടത്തിനോ കൃഷി |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനു ഭൂമി തയ്യാറാക്കൽ മുതൽ വിളവെടുപ്പും സംസ്കരണം യന്ത്രവൽക്കരണം എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കും പ്രോജക്റ്റ് അധിഷ്ഠിത സാമ്പത്തികസഹായം നൽകിവരുന്നു.<br>പാടശേഖരസമിതികളുടെ പ്രവർത്തന ചിലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്തേക്ക് നടപ്പ് സാമ്പത്തിക വർഷം ആനുകൂല്യം നൽകുന്നതാണ്.<br>2016 ആഗസ്റ്റ് 17 (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് 17 (ചിങ്ങം 1) വരെ നെൽ വർഷമായി ആചരിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ മറ്റു ഘടകങ്ങൾക്ക് പുറമെ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായികവിനോദങ്ങളും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയാറാക്കി നടപ്പാക്കുക നെൽ കൃഷിയെ പുനരുജ്ജീവിപ്പിക്കുക എന്നിവ ആണ് പ്രധാന ലക്ഷ്യം. നെൽ വർഷവുമായി ബന്ധപ്പെട്ട് വിഭാവന ചെയ്ത പദ്ധതികൾ നടപ്പാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ മൂലം എത്ര ഹെക്ടർ ഭൂമിയിൽ അധികമായി നെൽകൃഷി ചെയ്യാൻ സാധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | 2016-17 വർഷം ഇക്കോണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തീർണ്ണം 171398 ഹെക്ടർ ആയിരുന്നു. 2017-18 ൽ കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം 220449 |

ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | 2016-17 ലെ വിസ്തൃതി (ഹെക്ടർ) (ഇക്കൊണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് പ്രസിദ്ധീകരിച്ച കണക്ക്) | 2017-18 ലെ വിസ്തൃതി (ഹെക്ടർ) (കൃഷി വകുപ്പിന്റെ കണക്ക്) |
|---|---|---|
| തിരുവനന്തപുരം | 1392 | 2663.278 |
| കൊല്ലം | 1302 | 3467.922 |
| പത്തനംതിട്ട | 2640 | 3591.2 |
| കോട്ടയം | 17216 | 20309.02 |
| ഇടുക്കി | 695 | 1520.5 |
| ആലപ്പുഴ | 32453 | 40282.49 |
| എറണാകുളം | 4730 | 5300.8403 |
| തൃശ്ശൂർ | 21100 | 22470.48 |
| പാലക്കാട് | 65513 | 90580 |
| മലപ്പുറം | 7140 | 8084.26 |
| കോഴിക്കോട് | 1987 | 3783.0043 |
| വയനാട് | 7822 | 9508.247 |
| കണ്ണൂർ | 4671 | 6083.146 |
| കാസർഗോഡ് | 2737 | 2804.988 |
| **ആകെ** | **171398** | **220449** |

കൃഷി വകുപ്പിന്റെ കണക്ക് പ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം കൃഷി വകുപ്പ് കൈക്കൊണ്ട നടപടികൾ മൂലം 49051 ഹെക്ടർ സ്ഥലത്ത് അധികമായി കൃഷി ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**